# നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് കാര്യാലയം

**നെല്ലിക്കുഴി .പി.ഒ, കോതമംഗലം, എറണാകുളം ജില്ല, 686691**

**ഫോൺ:0485-2822490, ഇ–മെയിൽ: gptnellikkuzhy@gmail.com,**


തീയതി : 12/08/2024

നമ്പർ: SC1-4725/24

പ്രേക്ഷിതൻ
സെക്രട്ടറി
നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്,
ബഹു ജോയിന്റ് ഡയറക്ടർ
L.S.G.D, എറണാകുളം,

വിഷയം: നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്- ലൈസൻസ് അനുവദിച്ചത്- കെട്ടിടം അധികമായി പണിതു ഫർണീച്ചര് നിർമ്മാണ യുണിറ്റ് നടത്തുന്നതിനെതിരെയുള്ള പരാത് സംബന്ധിച്ച്

സൂചന: 1. അങ്ങയുടെ ഓഫീസിൽ നിന്നുള്ള 31/07/2024 ലെ LSGD/JD/EKM/630/2024-F1 നമ്പർ കത്ത്.
2. ശ്രീ. ഷാഹുൽ സി.കെ മുതൽ പേര് സമർപ്പിച്ച പരാതി.
3 ശ്രീ. ഏലിയാസ്, ആലംചെരില്, ശ്രീ. കൊയാൻ, ചെട്ടുകുടി എന്നിവരുടെ പരാതി

നെല്ലിക്കുഴി പഞ്ചായത്തില് ശ്രീമതി.ഖദീജ, ആലക്കട എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/58-A നമ്പർ വാണിജ്യ കെട്ടിടത്തിൽ ഫർണീച്ചര് നിർമ്മാണ യുണിറ്റ് നടത്തുന്നതിനു 2023-24 വർഷത്തേക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ ലൈസൻസ് (SC1-5650/23) അനുവദിച്ചിരുന്നു. സൂചന 2 പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയതില് സഞ്ചയ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 40 ച.മീ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് അനുബന്ധമായി അനധികൃത നിർമ്മാണങ്ങള് നടത്തിയിട്ടുള്ളതായും നടത്തിയതായി ബോധ്യപ്പെട്ടതിനാല് 03/04/2024 തീയതി ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനു കെട്ടിട ഉടമക്ക് കത്ത് നൽകിയിരുന്നതുമാണ്. ടി ഫർണീച്ചര് നിർമ്മാണ യുണിറ്റിനെതിരെ നടപടികള് സ്വീകരിക്കുന്നതിനായി 19/03/2024 തീയതി PCB ക്ക് കത്തു നൽകിയിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡില് നിന്നും സ്ഥാപന ഉടമക്ക് അനുമതിപത്രത്തിലെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചു കൊണ്ട് മാത്രമേ യുണിറ്റ് പ്രവർത്തിപ്പിക്കുവാന് പാടുള്ളൂ എന്നും അല്ലാത്തപക്ഷം കർശന നടപടികള് സ്വീകരിക്കുമെന്നും കാണിച്ച് PCB/DO2/EKM/GEN/CF-05/2013 നമ്പർ പ്രകാരം കത്ത് നൽകിയിരുന്നതാണ്

തുടരന്വേഷണത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് എന്ന് ബോധ്യപ്പെട്ടതിനാൽ അസി സെക്രട്ടറിയുടെ 09/06/2024 ലെ 400636/RPTL20/GPO/2024/1473(1) നമ്പർ നടപടിക്രമപ്രകാരം ഫർണീച്ചര് നിർമ്മാണ യുണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടം REGULARISE ചെയ്തു PCB യിൽ നിന്ന് അനുമതി ലഭ്യമാകുന്നത് വരെ ടി സ്ഥാപനത്തിന്റെ പ്രവർത്തനം അടിയന്തിരമായി നിര്ത്തിവക്കുന്നതിനു സ്റ്റോപ്പ് മെമോ നൽകിയിരുന്നതാണ്.

സൂചന 3 പരാതിയുടെ അടിസ്ഥാനത്തില് സ്ഥല പരിശോധന നടത്തിയതിന് പ്രകാരം അനധികൃത നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനോ / പൊളിച്ചു നീക്കുന്നതിനോ 11/08/2024 തീയതി കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

Secretary
Nellikuzhy Grama Panchayat
0485-2822490,9496045809

ഭരണഭാഷ-മാതൃഭാഷ

## നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ന്റെ / യുടെ നടപടിക്രമങ്ങൾ

( ഹാജർ-സജ്ജാദ് എസ് എസ് )

വിഷയം:- നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ ശ്രീ.ഖദീജ, ആലക്കട വീട്,നെല്ലിക്കുഴി എന്നയാൾ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് നിർദ്ദേശിച്ച് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1. ശ്രീ.ഷാഹുൽ സി കെ, പാലങ്ങൽ വീട് , ശ്രീ.കോയാൻ ,ശ്രീ.ഏലിയാസ് മുതൽ പേർ സമർപ്പിച്ച പരാതി.
2. ഈ ഓഫീസിൽ നിന്നുള്ള 03/04/2024 തീയതിയിലെ 400636/RPTL10/GPO/2024/154/(2) നമ്പർ കത്ത്.
3. കേരള പഞ്ചായത്ത് രാജ് ആക്ട് 235 w.
4. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019.

ഉത്തരവ് നമ്പർ- **400636/GGGR09/GPO/2024/4738/(1)** തീയതി : **14/08/2024**

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ ശ്രീമതി.ഖദീജ, ആലക്കട വീട്, നെല്ലിക്കുഴി എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/ 58 A നമ്പർ കെട്ടിടത്തിൻറെ വിസ്തീർണ്ണം ഗ്രാമപഞ്ചായത്ത് രേഖകളിൽ 40 ച.മീ ആണ്. മേൽ സൂചന പരാതിയിൽ അന്വേഷണം നടത്തിയതിൽ രേഖകളിൽ ഉള്ളതിനേക്കാൾ 745 ച.മീ തറവിസ്തീർണ്ണം കൂടുതലായി നിർമ്മാണം നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയത് താഴെ കാണിച്ചിരിക്കുന്ന വിധത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിനും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി നടത്തിയതായി ബോധ്യപ്പെട്ടിരിക്കുന്നു. നിയമം ലംഘിച്ച് നടത്തിയിട്ടുള്ള നിർമ്മാണം ഈ ഉത്തരവ് കൈപ്പറ്റി ഉടനടി പൊളിച്ചു മാറ്റുകയോ, ക്രമവൽക്കരിക്കുകയോ ചെയ്യേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 235 W (1) വകുപ്പ് അനുസരിച്ച് ഇതിനാൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

### നിർമ്മാണത്തിൻറെ വിവരം

| നിർമ്മാണം | ലംഘനം |
|---|---|
| 3/58 A നമ്പർ കെട്ടിടത്തിൽ ഗ്രാമപഞ്ചായത്ത് അനുമതിയില്ലാതെ കൂട്ടിച്ചേർക്കലുകൾ നടത്തിയിരിക്കുന്നു. | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 |

ഈ ഉത്തരവ് നടപടി അനുസരിക്കാത്തപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 235 W (2),(3),(4) വകുപ്പുകളിൽ വിവരിക്കുന്നത് പ്രകാരം ശ്രീ.ഖദീജ, ആലക്കട വീട്, നെല്ലിക്കുഴി എന്നയാളുടെ പേരിൽ മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

സെക്രട്ടറി

ശ്രീമതി.ഖദീജ,ആലക്കട വീട്,നെല്ലിക്കുഴി പി ഒ.

the Nellikuzhi Grama P...

Secretary

# നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

നം.4738/24

തീയതി 14/08/2024

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 W (1) വകുപ്പ് അനുസരിച്ചുള്ള താൽക്കാലിക ഉത്തരവ് ഇത് സഹിതം നൽകുന്നു. പ്രസ്തുത ഉത്തരവ് സ്ഥിതീകരിക്കാതിരിക്കുവാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ടി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ മേൽ നടപടികൾ തുടരുന്നതായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

സെക്രട്ടറി

Document certified by SAJJAD S S <sajjadsspkm@gmail.com>.

Digitally signed by SAJJAD S S
Date: 2024.08.14 15:26:04 IST
Reason: ILGMS Govt. of Kerala

സെക്രട്ടറി

ശ്രീമതി ഖദീജ
ആലക്കട വീട്, നെല്ലിക്കുഴി പി ഒ, നെല്ലിക്കുഴി